# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം**
**നമ്പർ: 2962**

**12.10.2011 ൽ മറുപടിക്ക്**

## ഇൻസ്പെക്ടർമാരുടെ സീനിയോറിറ്റി ലിസ്റ്റ്

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. കെ. രാജു** | **ശ്രീ.കെ.പി.മോഹനൻ**<br>**(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)** |
| (എ) മൃഗസംരക്ഷണ വകുപ്പിലെ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുവാൻ ബഹു. കേരള ഹൈക്കോടതിയിൽ നിന്നും എന്തെങ്കിലും വിധിന്യായം ലഭിച്ചിട്ടുണ്ടോ ; | (എ) & (ബി) ശ്രീ.റ്റി.യു.ശിവൻ,ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ മുതൽ 7 പേർ ബഹു.ഹൈക്കോടതിയിൽ സമർപ്പിച്ച WP(C)No.15703/09 (G) നമ്പരിലെ ഐ.എ.15918/09 നമ്പരായി നൽകിയ ഇടക്കാല അപേക്ഷയിന്മേൽ 2010 ജൂൺ 24ന് മൃഗസംരക്ഷണ വകുപ്പിലെ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ മുൻഗണനാപട്ടിക അന്തിമമാക്കുന്നതിനുള്ള നടപടികൾ തുടരാമെന്നും എന്നാൽ ബഹു.ഹൈക്കോടതിയുടെ ഉത്തരവു ലഭിക്കാതെ ആയത് പ്രസിദ്ധീകരിക്കരുത് എന്നും ഉത്തരവായിരുന്നു. അതുപ്രകാരം 2011 ജൂൺ 15-ാം തീയതി മൃഗസംരക്ഷണ വകുപ്പ് അദ്ധ്യക്ഷൻ പ്രസ്തുത സീനിയോറിറ്റിലിസ്റ്റ് അന്തിമമാക്കുന്ന ജോലി പൂർത്തിയാക്കി എന്നുകാണിച്ച് ടി ലിസ്റ്റ് ബഹു.ഹൈക്കോടതിയിൽ സത്യവാങ്മൂലമായി സമർപ്പിച്ചിട്ടുണ്ട്. |
| (ബി) എങ്കിൽ ആയതിന്റെ നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | |
| (സി) മൃഗസംരക്ഷണ വകുപ്പിൽ ഒഴിവുള്ള 23 ഫീൽഡ് ഓഫീസർ തസ്തികയിൽ നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ? | (സി) ഒഴിവുള്ള 23 ഫീൽഡ് ഓഫീസർമാരുടെ തസ്തികയിലേക്ക് പ്രൊമോഷൻവഴി നിയമനം നടത്തി കഴിഞ്ഞു. |

**സെക്ഷൻ ഓഫീസർ.**